## 15 -ാം കേരള നിയമസഭ

## 3 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4262** **28-10-2021 - ൽ മറുപടിയ്ക്ക്**

## കയർ കയറ്റുമതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഒ എസ് അംബിക | | Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നിന്നും കയർ ഉൽപ്പന്നങ്ങൾ കയറ്റുമതി ചെയ്യുന്നുണ്ടോ; കഴിഞ്ഞ സാമ്പത്തിക വർഷത്തെ കയറ്റുമതി എത്രയായിരുന്നു; വിശദമാക്കുമോ? | (എ) | സംസ്ഥാനത്ത് കയർഫെഡ്, കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ ലിമിറ്റഡ്, ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ് എന്നീ പൊതുമേഖലാ സ്ഥാപനങ്ങൾ മുഖേന കയർ ഉല്പന്നങ്ങൾ കയറ്റുമതി ചെയ്യുന്നുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷത്തെ കയറ്റുമതി വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു 1. കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ നേരിട്ട് 14 കോടി രൂപയുടെ കയർ ഉല്പന്നങ്ങൾ കഴിഞ്ഞ സാമ്പത്തിക വർഷം കയറ്റുമതി ചെയ്തിട്ടുണ്ട്. കൂടാതെ ക്രയവില സ്ഥിരതാ പദ്ധതി പ്രകാരം കയറ്റുമതികാർക്ക് 180.05 കോടി രൂപയുടെ കയർ ഉല്പന്നങ്ങൾ വിറ്റഴിച്ചിട്ടുണ്ട്. 2. കയർഫെഡ് കഴിഞ്ഞ സാമ്പത്തിക വർഷം 52 ലക്ഷം രൂപയുടെ കയർ ഉല്പന്നങ്ങൾ കയറ്റുമതി ചെയ്തിട്ടുണ്ട്. 3. ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ് കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ കയർ ഉല്പന്നങ്ങൾ കയറ്റുമതി ചെയ്തിട്ടില്ല. |

സെക്ഷൻ ഓഫീസർ